F2 ... 9/7/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ മുഖേന വിതരണം ചെയ്യുന്ന അവശ കായികതാര പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ടും ക്ഷേമ പെൻഷനുള്ള കുടുംബ വാർഷിക വരുമാനപരിധി ഉയർത്തികൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായികയുവജനകാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.9/2021/കാ.യു.വ   തീയതി,തിരുവനന്തപുരം, 08/07/2021

---

പരാമർശം:- 1) സ.ഉ(സാധാ)നം.2834/2002/പൊ.വി.വ തീയതി 28.08.2002.

2) സ.ഉ(സാധാ)നം.194/2013/കാ.യു.വ തീയതി 31.10.2013

3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 16.11.2019, 04.03.2020 എന്നീ തീയതികളിലെ KSSC-F2/4750/2018 നമ്പർ കത്ത്.

4) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 09.03.2021-ലെ KSSC-F2/2469/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിതരണം ചെയ്യുന്ന അവശ കായികതാര പെൻഷന് പരിഗണിക്കുന്ന കുടുംബ വാർഷിക വരുമാനപരിധി 11,000/-രൂപയിൽ നിന്നും 20,000/- ആയി ഉയർത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുരപ്പെടുവിച്ചിരുന്നു.

അവശ കായികതാര പെൻഷൻ തുക ഗുണഭോക്താവിന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിർണയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരാമർശം (3), (4) പ്രകാരം സമർപ്പിച്ച ശുപാർശ സർക്കാർ വിശദമമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവശ കായികതാര പ്രതിമാസ പെൻഷൻ , കുടുംബ വാർഷിക വരുമാനപരിധി എന്നിവ ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- 01.07.2020 മുതൽ, അറുപതു വയസ്സിനുമേലുള്ള എല്ലാ അവശ കായിക താരങ്ങളുടെയും പ്രതിമാസ പെൻഷൻ മറ്റു ക്ഷേമ പെൻഷനു തുല്യമായി 1,300/- (ആയിരത്തി മുന്നൂറു രൂപ മാത്രം ) രൂപയായി വർധിപ്പിക്കുന്നു.

- 55 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർക്ക ഇപ്പോഴത്തെ നിരക്ക് തന്നെ തുടരാവുന്നതാണ്.
- ക്ഷേമ പെൻഷനുള്ള കുടുംബ വാർഷിക വരുമാന പരിധി 20000 രൂപയിൽ നിന്നും 100000 രൂപയായി വർധിപ്പിക്കുന്നു .
- പുതിയ പെൻഷനുള്ള അർഹത മാനദണ്ഡത്തിൽ അപേക്ഷകന്റെ വയസ് 60 വയസിൽ കുറയാൻ പാടില്ല എന്ന് നിശ്ചയിക്കേണ്ടതാണ് .
- മറ്റു സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഒന്നും കൈപ്പറ്റുന്നില്ല എന്ന് ഉറപ്പു വരുത്തി, DBT വഴി ആധാർ ബന്ധിതമായി പെൻഷൻ വിതരണം നടത്തേണ്ടത് .

2) ഇതിനാവശ്യമായ തുക കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. കാലതാമസമില്ലാതെ യഥാസമയം പെൻഷൻ വിതരണം നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) പുതുക്കിയ പെൻഷൻ വിതരണം പ്രാബല്യത്തിലാക്കാൻ അവശ്യമായ തുടർ നടപടികൾ കേരളാ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രദീപ് മാത്യു പോൾ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവരപൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ